BRANCH ANCHAL MASTERS—CASUAL LEAVE

ന. ക്ര. മിസ്റ്റർ കെ. ഐ. വേലായുധൻ :

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ബ്രാഞ്ച് അഞ്ചൽ മാസ്റ്റർസിന്ന് കാഷ്വൽ ലീവ് അനുവദിച്ചിട്ടുണ്ടോ;

(ബി) കാഷ്വൽ ലീവ് ഇപ്പോഠം ഇല്ലെങ്കിൽ അതെടുത്തു കളയുവാൻ പ്രത്യേക വല്ല കാരണങ്ങളുമുണ്ടോ;

(സി) അവക്ക് കൊടുക്കുന്ന ഡിയർനസ്സ് അലവൻസ്സ് എത്ര;

(ഡി) അവർ ഏതു സമയംതൊട്ട ഏതു സമയംവരെ ജോലി ചെയ്യണം;

(ഇ) ആകെ ബ്രാഞ്ച് അഞ്ചൽ മാസ്റ്റേഴ്സ് എത്ര;

(എഫ്) ബ്രാഞ്ച് അഞ്ചൽ പ്യൂൺസിന്ന് ശമ്പളം എത്ര, ഡിയർനസ്സ് അലവൻസ്സ് എത്ര?

മിസ്റ്റർ കെ. എസ്സ്. രാഘവൻ :

(എ) ക ക---ന്യ— ര ക-ന്ന് മുമ്പ് ബ്രാഞ്ച് അഞ്ചൽ മാസ്റ്റർമാക്ക് കാഷ്വൽ ലീവ് അനുവദിച്ചിരുന്നു.

(ബി) ബ്രാഞ്ച് അഞ്ചൽ മാസ്റ്റർമാർ കാഷ്വൽ ലീവിൽ പോകുമ്പോഠം അഞ്ചൽമാൻ വശമാണ് ചാർജ്ജു കൊടുക്കുക പതിവായിരുന്നതു്. C. S. R. പ്രകാരം അവക്ക് ശമ്പളത്തോടുകൂടി ലീവ് കൊടുക്കുവാൻ പാടുള്ളതല്ല. ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാർ വേറെയും ജോലികഠംകൂടി നോക്കിവരുന്നതിനാൽ അവക്ക് അഞ്ചൽ ശിപായിവശം പലപ്പോഴും ചാർജ്ജു് കൊടുക്കേണ്ടതായി വന്നിരുന്നു. അഞ്ചൽ ശിപായിമാക്ക് ഗ്രൗണ്ടിയൊ റജിസ്ട്രോ സ്ഥിരീകരിക്കുവാൻ പാടില്ലാത്തതിനാൽ ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാർ ഇല്ലാത്ത ദിവസങ്ങളിൽ അഞ്ചലാപ്പീസ്സുകായ്യം മുടക്കേണ്ടിവന്നിരുന്നു. തന്മൂലം ശിപായിമാക്ക കത്തു ചിലവുചെയ്യുന്നതിന്നും താമസമേർപ്പെട്ടിരുന്നു. ഡിപ്പാർട്ട്മെണ്ടിന്റേയും പൊതുജനങ്ങളുടേയും സൌകര്യത്തിന്നുവേണ്ടിയാണ് കാഷ്വൽ ലീവ് എടുത്തുകളഞ്ഞതു്.

(സി) അവരുടെ അലവൻസോടും ഡിയർനസ്സ് അലവൻസ് കൊടുക്കുന്നുണ്ടു്; അതായതു് ക ഠ ക.

(ഡി) ഓരോ ആപ്പീസിലും പ്രവൃത്തിസമയങ്ങഠം ഓരോ തരത്തിലായിരിക്കും. അവ പൊതുജനസൌകര്യവും മെയിൽസമയങ്ങളും ആശ്രയിച്ചിരിക്കും. ഓരോ ആപ്പീസ്സിലും ന. മുതൽ ഉ മണിക്കൂർവരെ ജോലിയുണ്ടായിരിക്കും.

(ഇ) ന്യ ര.

(എഫ്) ബ്രാഞ്ച് അഞ്ചൽ പ്യൂൺ എന്നു് പ്രത്യേക വ്യക്തിയില്ല. ബ്രാഞ്ച് അഞ്ചലാപ്പീസിൽ പണിയെടുക്കുന്ന പ്യൂണിന്നു് വേറെയുള്ള അഞ്ചൽ പ്യൂണിന്നു് കിട്ടുന്ന മാതിരി ശമ്പളവും ഡിയർനസ്സ് അലവൻസും കിട്ടുന്നുണ്ടു്. ചുരുങ്ങിയതു് ക ന. ക. ശമ്പളവും ക്ര്യക. അലവൻസുമാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവക്ക ഒരത്യാപത്തൊ സുഖക്കേടൊ ഉണ്ടായാൽ കാഷ്വൽലീവു കൊടുക്കുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവരുടെ സ്വന്തം ആളുകളെ ആരെയെങ്കിലും പകരത്തിന്നു് വെച്ചിട്ടുപോകാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അപ്പോഠം അവക്ക് ആര് ശമ്പളം കൊടുക്കും?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഡിപ്പാർട്ട്മെൻറിൽനിന്ന കൊടുക്കും.

മിസ്റ്റർ കെ. ഐ. വേലായുധൻ: പകരത്തിന്നു് ആളെ വെക്കുന്നതു് ആരാണു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അഞ്ചൽ മാസ്റ്റർ സൂപ്രണ്ടിന്ന എഴുതി അയക്കും സൂപ്രണ്ടെണ്ടു് അതു അനുവദിക്കും

മിസ്റ്റർ കെ. ഐ. വേലായുധൻ: മറവ ഗവമ്മേണ്ടു ഉദ്യോഗസ്ഥന്മാക്ക കൊടുക്കുന്നതു പോലെയാണൊ ഇവക്കും ശമ്പളം കൊടുക്കുന്നതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇവക്ക കണ്ടിൻജൻസിയിൽനിന്നാണു് ശമ്പളം കൊടുക്കുന്നതു്?

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇവരും ഗവമ്മെണ്ടുദ്യോഗസ്ഥന്മാരാണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്". രാഘവൻ: റെഗുലർ ഗവണ്മെണ്ടു് ഉദ്യോഗസ്ഥരല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: എന്നാൽ അവക്കു രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കാമോ?

മിസ്റ്റർ കെ. എസ്സ്" രാഘവൻ: ആ കാര്യം ആലോചനക്കു വന്നിട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: അഞ്ചൽ ശിപായിക്കു ഫസ്റ്റ കെ. ശമ്പളവും ഫസ്റ്റ കെ. അലവൻസും കൂടി ടൗൺ കെ.യും അഞ്ചൽമാസ്റ്റക്കു് ഫ൦ കെ. ശമ്പളവും ഫ൦ കെ. അലവൻസും കൂടി ടൗ൦ കെ.യുമാണു് കൊടുക്കുന്നതു്. അഞ്ചൽമാസ്റ്റക്കു ശിപായിയേക്കാൾ ശമ്പളം കൂടുവാനുള്ള കാരണമെന്താണു്?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: അഞ്ചൽ ശിപായി ഫുൾടൈയും ജോലിക്കാരനാണു്. ബ്രാഞ്ചു് അഞ്ചൽ മാസ്റ്റക്കു പാർടൈയും വക്കീയുള്ളു.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവർ പൊതുജനങ്ങളുടെ സൌകര്യവും മെയിൽസമയവും നോക്കിയിരിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ഏതായിരിക്കും ആ സമയം?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: ഓരോ സ്ഥലത്തും മെയിൽ വരുന്നതു എപ്പോഴാണെന്നു് നോക്കി അതനുസരിച്ചാണു് അവക്കു് ജോലി സമയം നിശ്ചയിക്കുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: പൊതുജനങ്ങളുടെ സൌകര്യം നോക്കണമെന്നു് പറഞ്ഞിട്ടില്ലെ? അതു എങ്ങിനേയാണു്?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: പൊതു ജനങ്ങൾക്കു് കത്തിടവാടകൊക്കുള്ള സൌകര്യം നോക്കണം. മെയിൽ സമയത്തും അവിടെ ശരിക്കുണ്ടായിരിക്കണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അങ്ങിനെ നോക്കുമ്പോൾ കാലത്തു മുതൽ വൈകുന്നേരം വരെ അഞ്ചൽ മാസ്റ്റർ അവിടെയിരിക്കണ്ടേ?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: ഫുൾടൈയും ഇരിക്കേണ്ട. കുറച്ചു സമയം ഇരുന്നാൽ മതി.

മിസ്റ്റർ പി. എ. മുഹമ്മദുഅഷ്"റഫ്": ഇടക്കിടക്കു് മെയിൽ സമയം മാറാറുണ്ടോ?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: ഉവ്വു്.

മിസ്റ്റർ പി കെ. പോൾ: ശമ്പളത്തോടുകൂടിയുള്ള കാഷ്വൽ ലീവല്ലേ അവക്കു് ഫസ്റ്റ ക്ലാസ്സും അനുവദിച്ചിരുന്നതു്?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: അല്ല.

മിസ്റ്റർ പി. ടി. ജേക്കബ്": എത്ര തൂക്കമുള്ള ഉരുപ്പടികളാണു് ഒരു ശിപായി സാധാരണ കൊണ്ടുപോകുന്നതു്?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: അതിനൊരു കണക്കില്ല. അഞ്ചലാപ്പീസ്സിൽ വരുന്ന ഉരുപ്പടികളൊക്കെ ഇവർ കൊണ്ടുപോകണം.

മിസ്റ്റർ പി. ടി. ജേക്കബ്": അവിടെ വരുന്ന ഉരുപ്പടികളും കൊണ്ടുപോകുന്നതിനു് ഒരു ശിപായിയെക്കൊണ്ടു സാധിക്കാതെവരുകയാണെങ്കിൽ അയാൾക്കു് വേറെ ആളെ സഹായത്തിനു വെക്കാമൊ?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: വെക്കാം. ധാരാളം ഉരുപ്പടികളുണ്ടെങ്കിൽ സഹായത്തിനു് ഒരാളെ കൂലിക്കു വെക്കുവാൻ അനുവദിക്കും.

മിസ്റ്റർ പി. ടി. ജേക്കബ്": മട്ടാഞ്ചേരിയിലെ അഞ്ചലാപ്പീസ്സിൽനിന്നു് ഒരു ശിപായി വശം എടുക്കുവാൻ സാധിക്കാത്തവിധത്തിൽ ഉരുപ്പടികൾ കൊടുത്തയക്കുന്നുണ്ടെന്നു ഗവണ്മെണ്ടിനറിയാമോ?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ പി ടി. ജേക്കബ്": അങ്ങിനെയുണ്ടോ എന്നന്വേഷിക്കുമോ?

മിസ്റ്റർ കെ. എസ്സ്". രാഘവൻ: അന്വേഷിക്കാം.

Mr. P. K. Paul *(Chalakkudi):* Will the Government consider the desirability of converting branch Anchal Offices into sub-offices to cater to needs of the people.

Mr. K. S. Raghavan *(Secretary to Government):* If there is work and also need for that the department will consider.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്രാഞ്ചഞ്ചൽമാസ്റ്റർക്ക് വേറെ ജോലിയുണ്ടെന്നു പറഞ്ഞില്ലേ; അതെന്തു ജോലിയാണ്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ചിലർ സ്കൂൾമാസ്റ്റർമാരായിരിക്കും. ചിലർ കൃഷിക്കാരായിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അന്യനാട്ടിൽനിന്നു വന്നു് ബ്രാഞ്ചഞ്ചൽമാസ്റ്ററായിട്ടുള്ളവരും ജോലിചെയ്യുന്നുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതായതു നാട്ടിലെ ആളുകളെയാണു് സാധാരണ വെക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അന്യനാട്ടിലെ ആളുകൾ ഏതെങ്കിലും സ്ഥലത്തു ജോലിചെയ്യുന്നുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ചുരുക്കം ചിലരുണ്ടാകാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബ്രാഞ്ചഞ്ചൽമാസ്റ്റർമാക്ക് ക്ലാ ക. വീതം ശമ്പളമുണ്ടെന്നു പറഞ്ഞു. അതിലും കുറവു ശമ്പളമുള്ളവർ ആരെങ്കിലുമുണ്ടോ?

റാവു സാഹിബ് പി. വി. രാഘേൽ: ഇല്ല. All get minimum Rs. 10.

Mr. P. K. Paul *(Chalakkudi):* Are there any branch Anchal Offices which works for 3 hours a day?

Mr. K. S. Raghavan *(Secretary to Government):* I want notice.

Mr. P. K. Paul *(Chalakkudi):* It is stated here that some work from three to five hours.

Mr. K. S. Raghavan *(Secretary to Government):* There may be.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ക്ലാ ക. ശമ്പളമുള്ള ശിപായിക്കു് ക്ലാസ്സു ക. ഡിയർനെസ്സ് അലവൻസു കൊടുക്കുന്നുണ്ടു്. അതുപോലെ ക്ലാ ക. ശമ്പളമുള്ള ബ്രാഞ്ചഞ്ചൽമാസ്റ്റർക്കും ക്ലാസ്സു ക. ഡിയർനെസ്സ് കൊടുക്കുവാൻ ഗവണ്മെണ്ടിനു് എന്താണു് വിരോധം?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അവക്കു് ഇപ്പോഴും കൊടുക്കുന്നതുതന്നെ ഒരു കൺസഷനായിട്ടാണു് കൊടുത്തിരിക്കുന്നതു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരിപ്പോൾ ദിവസവും ൩ മണിക്കൂറോളം ജോലിചെയ്യുന്നുണ്ടു്. അതുകൊണ്ടു് അവക്കു് ഈ ഡിയർനെസ്സ് അലവൻസെങ്കിലും മുഴുവനും അനുവദിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതിനെയൊക്കെ പരിഗണിച്ചാണു് ഇതെങ്കിലും അനുവദിച്ചതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ക്ലാസ്സ് ക ജൂൺ ക്ലാ-ാംതു- വരെ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു് ഇവക്കു കാഷ്വൽ ലീവു കൊടുത്തിരുന്നതു്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഗവണ്മെണ്ടു് ഓർഡർ പ്രകാരമാണു്.

Mr. P. K. Paul *(Chalakkudi):* May I know whether these branch Anchal Masters have not got work on all the 365 days of the year?

Mr. K. S. Raghavan *(Secretary to Government):* Yes.

Mr. P. K. Paul *(Chalakkudi):* Should he not work the whole of the year?

Mr. K. S. Raghavan *(Secretary to Government):* Yes.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഡിയർണസ് അലവൻസു മുഴുവൻ മാറുവാൻ പാടില്ലാത്തതാണെന്നോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പത്തുറുപ്പികയുള്ള ശിപായിക്കു കൊടുക്കുന്നതുപോലെയുള്ള ഡിയർണസു അലവൻസു് ഈ ബ്രാഞ്ചഞ്ചൽ മാസ്റ്റർക്കും കൊടുക്കാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: വാർഷൈം ഉദ്യോഗസ്ഥന്മാരുടെ അലവൻസിനെ സംബന്ധിച്ചിടത്തോളം ഒരു രൂളുണ്ടു്. ആ രൂളനുസരിച്ചാണു് ഇവക്കും കൊടുക്കുന്നതു്.

Mr. P. A. Muhammed Asbrof *(Cranganur):* Are they entitled to pension.

Mr. K. S. Raghavan *(Secretary to Government):* No. They are not entitled to pension.

Mr. P. K. Paul *(Chalakkudi):* Are the Government aware that the total amount of work done by them when put together is much more than turned out by any single officer in any other department.

Mr. K. S. Raghavan *(Secretary to Government):* No. It cannot be.

LIBRARY ARCHIVES Kerala Legislative Assembly